# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

നമ്പർ : No. SR I –3/5/2019–KPSC

തിരുവനന്തപുരം,
തീയതി : 17.12.2020

## തിരുത്തൽ വിജ്ഞാപനം

16.11.2020 തീയതിയിലെ അസാധാരണ ഗസറ്റിൽ 190/2020 കാറ്റഗറി നമ്പറിൽ വയനാട് ജില്ലയിൽ ട്രൈബൽ വാച്ചർ (പട്ടിക വർഗം മാത്രം –ആദിവാസി വിഭാഗം ) തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിൽ

**(i)ഖണ്ഡിക 4**

**കുറിപ്പ് :–(i)** വനിതകൾക്കായി പ്രത്യേകം ഒഴിവുകൾ നീക്കി വെച്ചിട്ടില്ലാത്ത ജില്ലകളിലെ ഒഴിവുകളിൽ നിശ്ചിത എണ്ണം വനിതകൾക്കായി നീക്കി വെച്ചിട്ടുള്ളതാണ്. എന്നത് ഒഴിവാക്കി ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

**കുറിപ്പ് :–(iii)** 5.05.2013 ലെ (എം.എസ്) 53/13/F&WLD പ്രകാരം ഈ തസ്തികയുടെ തെരഞ്ഞെടുപ്പ് പട്ടികവർഗ്ഗത്തിൽപ്പെട്ട ആദിവാസികൾക്കു മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളതിനാൽ ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാ അടിസ്ഥാനത്തിൽ ആയിരിക്കും. ഓരോ ജില്ലയിലേയ്ക്കും അതത് ജില്ലകളിൽ നിന്നുള്ള ഉദ്യോഗാർത്ഥികളെ മാത്രമേ പരിഗണിക്കുകയുള്ളൂ. എന്നത് തിരുത്തി 5.05.2013 ലെ (എം.എസ്) 53/13/F&WLD പ്രകാരം ഈ തസ്തികയുടെ തെരഞ്ഞെടുപ്പ് പട്ടികവർഗ്ഗത്തിൽപ്പെട്ട ആദിവാസികൾക്കു മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളതിനാൽ ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാ അടിസ്ഥാനത്തിൽ ആയിരിക്കും. മേൽ ഒഴിവുകളിൽ വയനാട് ജില്ലയിൽ നിന്നുള്ള ഉദ്യോഗാർഥികളെ മാത്രമേ പരിഗണിക്കുകയുള്ളൂ. എന്നാക്കി ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

**(ii)ഖണ്ഡിക 8**

**8. അപേക്ഷ അയയ്ക്കേണ്ട രീതി** : അതത് ജില്ലാ ആഫീസർമാരുടെ മേൽവിലാസത്തിൽ ഇതോടൊപ്പം നൽകിയിരിക്കുന്ന മാതൃകയിൽ വെള്ള പേപ്പറിൽ എഴുതി തയ്യാറാക്കിയതോ, ടൈപ്പ് ചെയ്തതോ ആയ അപേക്ഷ അയയ്ക്കേണ്ടതാണ്. അപേക്ഷ ഫീസ് ഇല്ല. കവറിന്റെ മുകൾ ഭാഗത്ത് അപേക്ഷിക്കുന്ന തസ്തികയുടെ പേര്,

വകുപ്പിന്റെ പേര്, കാറ്റഗറി നമ്പർ എന്നിവ എഴുതേണ്ടതാണ്. ഉദ്യോഗാർത്ഥിയുടെ പേരും, മേൽവിലാസവും കവറിന്റെ ഇടതു വശത്തും അപേക്ഷ അയയ്ക്കേണ്ട വിലാസം വലതു വശത്തും എഴുതേണ്ടതാണ്. എന്നത് തിരുത്തി

**8. അപേക്ഷ അയയ്ക്കേണ്ട രീതി** : വയനാട് ജില്ലാ ആഫീസറുടെ മേൽവിലാസത്തിൽ ഇതോടൊപ്പം നൽകിയിരിക്കുന്ന മാതൃകയിൽ വെള്ള പേപ്പറിൽ എഴുതി തയ്യാറാക്കിയതോ, ടൈപ്പ് ചെയ്തതോ ആയ അപേക്ഷ അയയ്ക്കേണ്ടതാണ്. അപേക്ഷ ഫീസ് ഇല്ല. കവറിന്റെ മുകൾ ഭാഗത്ത് അപേക്ഷിക്കുന്ന തസ്തികയുടെ പേര്, വകുപ്പിന്റെ പേര്, കാറ്റഗറി നമ്പർ എന്നിവ എഴുതേണ്ടതാണ്. ഉദ്യോഗാർത്ഥിയുടെ പേരും, മേൽവിലാസവും കവറിന്റെ ഇടതു വശത്തും അപേക്ഷ അയയ്ക്കേണ്ട വിലാസം വലതു വശത്തും എഴുതേണ്ടതാണ്. എന്നാക്കി ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

**(III)ഖണ്ഡിക 8** ന് ശേഷം താഴെ പറയുന്ന സാക്ഷ്യപത്രം ,സർവീസ് സർട്ടിഫിക്കറ്റ് മാതൃക എന്നിവ ഉൾപ്പെടുത്തി ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

## വനം വകുപ്പിൽ ട്രൈബൽ വാച്ചർ തസ്തികയ്ക്കായി അപേക്ഷയോടൊപ്പം അപേക്ഷകർ ഗിരി വർഗ്ഗ സെറ്റിൽമെന്റിൽ സ്ഥിരം താമസക്കാരനാണെന്ന് തെളിയിക്കുന്ന ഫോറസ്റ്റ് റേഞ്ചർ/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ സാക്ഷ്യപത്രം മാതൃക

### സാക്ഷ്യപത്രം

..............................തീയതിയിലെ ഗസറ്റ് വിജ്ഞാപനപ്രകാരം..............................തസ്തികയിലേക്ക് (Category No..............................) അപേക്ഷ സമർപ്പിച്ച....................................ശ്രീ/ശ്രീമതി/ കുമാരി..................................................................രക്ഷിതാവിന്റെ പേര്...........................................കേരള സംസ്ഥാനത്തെ....................................................ജില്ലയിലെ....................................................താലൂക്കിലെ ..........................................................വില്ലേജിലെ................................................................................ താഴെ പറയുന്ന പ്രദേശത്ത് സ്ഥിരതാമസക്കാരനാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

1. ബ്ലോക്കിന്റെ പേര് :..........................................................................
2. വനാന്തരം / വനാതിർത്തി :..........................................................................

(ബാധകമായത് എഴുതി ചേർക്കുക)

3. സെറ്റിൽമെന്റ് കോളനിയിലെ സ്ഥിരതാമസക്കാരനാണോ ? :.........................................അതെ/ അല്ല
4. ആണെങ്കിൽ കോളനിയുടെ പേര് :..........................................................................

ഈ സാക്ഷ്യപത്രം മേൽ തസ്തികയ്ക്കുവേണ്ടി കേരള പബ്ലിക് സർവീസ് കമ്മീഷൻ ഓഫീസിൽ ഹാജരാക്കുന്നതിനുവേണ്ടി നല്കിയിട്ടുള്ളതാണ്.

പേര് :
ഉദ്യോഗപ്പേര്:
(ഫോറസ്റ്റ് റേഞ്ചർ / ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ
ഔദ്യോഗിക വിലാസം :

സ്ഥലം :
തീയതി :

(ഓഫീസ് സീൽ)

**<u>വനം വകുപ്പിൽ ട്രൈബൽ വാച്ചർ തസ്തികയ്ക്കായി അപേക്ഷയോടൊപ്പം അപേക്ഷകർ നിലവിൽ വനം വകുപ്പിൽ വാച്ചറായി സേവനം അനുഷ്ഠിച്ച് വരുന്നതോ/ അനുഷ്ഠിച്ചിരുന്നതോ എന്ന് തെളിയിക്കുന്നതിനായി ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് മാതൃക .</u>**

# <u>സർവീസ് സർട്ടിഫിക്കറ്റ്</u>

1. ഉദ്യോഗാർത്ഥിയുടെ പേര് :

2. ഇപ്പോൾ/ മുൻപ് ഉദ്യോഗാർത്ഥി വഹിക്കുന്ന/ വഹിച്ചിരുന്ന തസ്തികയുടെ പേരും ശമ്പള സ്കെയിലും :

3. ഉദ്യോഗാർത്ഥി ഏത് സർവീസിൽപ്പെടുന്നു/ സർവീസിൽ പെട്ടിരുന്നു എന്ന് :

4. സർവീസ് തുടങ്ങിയ തീയതി :

5. സർവീസ് വിശദാംശങ്ങൾ :

| **ക്രമ നമ്പർ** | **വഹിച്ച തസ്തിക** | **കാലം** | | **സർവിസ് ദൈർഘ്യം** | | |
|---|---|---|---|---|---|---|
| | | **മുതൽ** | **വരെ** | **വർഷം** | **മാസം** | **ദിവസം** |
| | | | | | | |

| |
|---|
| ആകെ സർവീസ് |

# സാക്ഷ്യപത്രം

വനം വകുപ്പിൽ ട്രൈബൽ വാച്ചറായി / ആയിരുന്ന ശ്രീ. / ശ്രീമതി. ............................................................... എന്ന ഉദ്യോഗസ്ഥയെ / ഉദ്യോഗസ്ഥനെ സംബന്ധിച്ച മുകളിൽ പ്രസ്താവിച്ച വിവരങ്ങൾ ശരിയാണെന്ന് ബോധ്യപ്പെട്ടു എന്ന വിവരം സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

ഉദ്യോഗപ്പേര്:
(ഫോറസ്റ്റ് റേഞ്ചർ / ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ
ഔദ്യോഗിക വിലാസം :

സ്ഥലം:
തീയതി:

(ഓഫീസ് മുദ്ര)

**iV)ഖണ്ഡിക 10**

കുറിപ്പ് :- അതാത് ജില്ലാ ആഫീസിലേയ്ക്കല്ലാതെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെയോ, അഡീഷണൽ സെക്രട്ടറിയുടെയോ , റീജിയണൽ ആഫീസറുടെയോ, ഡെപ്യൂട്ടി സെക്രട്ടറിയുടെയോ പേരിൽ അയയ്ക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. എന്നത് തിരുത്തി

കുറിപ്പ് :- വയനാട് ജില്ലാ ആഫീസിലേയ്ക്കല്ലാതെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെയോ, അഡീഷണൽ സെക്രട്ടറിയുടെയോ , റീജിയണൽ ആഫീസറുടെയോ, ഡെപ്യൂട്ടി സെക്രട്ടറിയുടെയോ പേരിൽ അയയ്ക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ് . എന്നാക്കി ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

വിജ്ഞാപനത്തിലെ മറ്റ് വ്യവസ്ഥകൾക്ക് മാറ്റമില്ല.

**സാജു ജോർജ്ജ്**
**സെക്രട്ടറി**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**